ശ്രീ. കാനം രാജേന്ദ്രൻ: സർ, നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും 155-ാം വകുപ്പനുസരിച്ച് തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസനെതിരായി അവകാശലംഘനത്തിന് നോട്ടീസ് നൽകിയിരുന്നു.

മി. സ്പീക്കർ: അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(2) ജലസേചന വകുപ്പുമന്ത്രിക്കെതിരായ അവകാശലംഘന പ്രശ്നം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇറിഗേഷൻ വകുപ്പ് മന്ത്രിക്കെതിരായി ഈ നിയമസഭയിൽ പ്രിന്റ് ചെയ്ത ഒരു റിപ്പോർട്ടിന്റെ പേരിൽ.....

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസ് കിട്ടിയിട്ടുണ്ട്.

VIII പ്രസ്താവന

ഇടമലയാർ ഡാമിലെ പവ്വർ ടണലിലുണ്ടായ ചോർച്ചയെ സംബന്ധിച്ചുള്ള റിപ്പോർട്ട്

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ ഇടമലയാർ പവ്വർ ടണലിൽ കാണപ്പെട്ട ചോർച്ചയെക്കുറിച്ച് അടിയന്തിരമായി അന്വേഷിച്ച് ഈ സഭയെ അറിയിക്കുമെന്ന് ഞാൻ പറഞ്ഞിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ മെമ്പർ ശ്രീ. മാധവൻ, തിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യാ ഡയറക്ടർ ശ്രീ.കെ.സി.സി. രാജു, മുൻ ഡയറക്ടർ ശ്രീ.പി.വി. ശ്രീനിവാസൻ, സെൻട്രൽ വാട്ടർ കമ്മീഷൻ ഡയറക്ടർ ശ്രീ. എം. എസ്. റെഡ്ഡി എന്നീ ഉദ്യോഗസ്ഥൻമാർ 28-7-1985-ൽ ഇടമലയാർ സന്ദർശിക്കുകയും ടണലിന്റെ ചോർച്ച പരിശോധിക്കുകയും ചെയ്തു. ടണലിന്റെ ആഡിറ്റ് ഭാഗം, പ്രവേശന ഭാഗം പുറത്തുകാണുന്ന പാറയുടെ സ്വഭാവം എന്നിവ പരിശോധിക്കുകയും ബന്ധപ്പെട്ട ഡ്രോയിംഗുകളും ജിയോളജിക്കൽ മാപ്പുകളും പരിശോധിച്ച് ഉദ്യോഗസ്ഥൻമാരോട് വിശദീകരണം തേടുകയും ചെയ്ത ശേഷം പരിശോധനയുടെ ഫലം ശ്രീ. മാധവൻ അറിയിച്ചിട്ടുണ്ട്. ലീക്കേജ് ടണലിന്റെ പ്രവേശന ഭാഗത്ത് മാത്രമാണെന്നും 60 മീറ്റർ കൂടി സ്റ്റീൽ ലൈനിംഗ് ഇട്ടാൽ ഈ ലീക്കേജ് തടയാമെന്നും പ്രോജക്റ്റിന്റെ തൃപ്തികരമായ പ്രവർത്തനം ഉറപ്പു വരുത്താൻ കഴിയുമെന്നും ശ്രീ. മാധവൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇപ്പോഴും സംഭവിച്ചിരിക്കുന്ന ലീക്കേജിന്റെ കാരണം പാറയിലുള്ള ഫ്രാക്ചറുകളും ആവശ്യാനുസരണമുള്ള കവറിംഗിന്റെ കുറവുമാണ്. വർദ്ധിച്ചു വരുന്ന ചെലവ് കുറയ്ക്കാൻ ടണലുകളിൽ കഴിയുന്നത്ര കുറച്ച് സ്റ്റീൽ ലൈനിംഗ് മാത്രമാണ് ഇപ്പോഴും ഇടാറുള്ളത്. കഴിയുന്നത്ര പാറയുടെ ബലവും ഗുണവും പ്രയോജനപ്പെടുത്താനാണ് ഡിസൈനിംഗിൽ ശ്രമിക്കുന്നത്. ടെസ്റ്റ് ചെയ്യുമ്പോഴും ലീക്ക് അധികം കാണുകയാണെങ്കിൽ അത് അപ്പോൾ പരിഹരിക്കാറാണ് പതിവ്. പരിശോധനയിൽ പ്രകടമായ കൺസ്ട്രക്ഷൻ ഡിഫക്റ്റ്സ് ഒന്നും തന്നെ കണ്ടില്ല. എങ്കിലും കോൺക്രീറ്റിന്റെ ക്വാളിറ്റി വിശദ്ധ പരിശോധന നടത്തി നിർണ്ണയിക്കേണ്ടതാണ്. നേരത്തെ സൂചിപ്പിച്ച പരിഹാര നടപടികളും കൊണ്ട് പദ്ധതിയുടെ പ്രവർത്തനം സുഗമമായി നടക്കും. അക്കാര്യത്തിൽ ഒരു ആശങ്കയ്ക്കും കാര്യമില്ല. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികളും എടുക്കാൻ ബോർഡിനു നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോൺക്രീറ്റിന്റെ ക്വാളിറ്റി പരിശോധിക്കാൻ പീച്ചി റിസർച്ച് സ്റ്റേഷനെ ഏൽപിച്ച് പരിശോധന തീരുന്ന മുറയ്ക്ക് വിവരം ഈ സഭയെ അറിയിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly